(ബി) പ്രൈവറ്റ് കോളേജ് സ്റ്റാഫിന്റെ വേതനവും മറ്റും പാസ്സാക്കി കൊടുക്കുന്ന ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലെ കാലതാമസം ഒഴിവാക്കുന്നതിനായി അതാത് കോളേജ് പ്രിൻസിപ്പൽമാരെ ഡ്രോയിംഗ് ഓഫീസർമാരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) കോളേജുകളിൽ നിന്നും പ്രീഡിഗ്രി മാറ്റുന്നതിനാൽ കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെ തസ്തികകൾക്ക് സംരക്ഷണം കിട്ടുന്നതിനായി നിലവിലുള്ള സ്റ്റാഫ് പാറ്റേൺ കോഴ്സുകളുടെ അടിസ്ഥാനത്തിൽ റിവൈസ് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുമ്പോൾ അതിന്റെ ആനുകൂല്യം അനദ്ധ്യാപക ജീവനക്കാർക്കും ലഭിക്കുമെന്നതിനാൽ ഇവർക്ക് പ്രത്യേക പരിഷ്കരണം സാദ്ധ്യമല്ല.

(ബി) നിർവ്വാഹമില്ല. പ്രൈവറ്റ് കോളേജ് ജീവനക്കാരുടെ വേതനവും മറ്റും പാസ്സാക്കിക്കൊടുക്കുന്ന ഡെപ്യൂട്ടി ഡയറക്ടറാഫീസുകളിലെ കാലതാമസം ഒഴിവാക്കുന്നതിനായി യു.ജി.സി. ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിനോടനുബന്ധിച്ച് ഡെപ്യൂട്ടി ഡയറക്ടറാഫീസുകൾ നിലവിലില്ലാത്ത ജില്ലാ ആസ്ഥാനങ്ങളിൽ പുതിയ ആഫീസുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുതിയ ജില്ലാ ആഫീസുകൾ നിലവിൽ വരുമ്പോൾ വേതനവും മറ്റും പാസ്സാക്കിക്കൊടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതാണ്.

(സി) അംഗീകൃത സ്റ്റാഫ് പാറ്റേൺ അനുസരിച്ച് നിയമിക്കപ്പെട്ട അനദ്ധ്യാപകർക്ക് സംരക്ഷണം നൽകുന്നതാണ്.

54 (1268) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി

ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയനവർഷം സംസ്ഥാനത്തെ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി അദ്ധ്യാപകരെ നിയമിക്കുന്നതിന് എന്നാണ് നടപടി തുടങ്ങിയത് എന്ന് വ്യക്തമാക്കുമോ;

(ബി) മുഴുവൻ വിഷയങ്ങളിലെയും ആവശ്യമായ അദ്ധ്യാപകരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തിയിട്ടുണ്ടോ;

(സി) അദ്ധ്യയനവർഷം അവസാനിക്കാൻ മൂന്നുമാസങ്ങൾ മാത്രം അവശേഷിച്ചിരിക്കുന്ന സമയമായിട്ടും ചില വിഷയങ്ങളിൽ ആവശ്യമായ അദ്ധ്യാപകരെ ഇനിയും നിയമിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം വിഷയങ്ങളിലേക്കുള്ള അദ്ധ്യാപക നിയമനമാണ് ഇനിയും നടത്താനുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) പുതിയതായി അദ്ധ്യയനവർഷം ആരംഭിക്കുന്ന മാസംതന്നെ സർക്കാർ സ്കൂളികളിലേക്ക് ആവശ്യമായ ഹയർ സെക്കണ്ടറി, വൊക്കേഷ

LIBRARY ARCHIVES Kerala Legislative Assembly

ണൽ ഹയർ സെക്കണ്ടറി വിഭാഗം അദ്ധ്യാപകരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1999 മെയ്മാസം മുതൽ ആരംഭിച്ചു.

(ബി) 1999 ആഗസ്റ്റ് രണ്ടാം വാരം മുതൽ ഓരോ വിഷയത്തിലുമുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നു ലഭിച്ചുതുടങ്ങി. ഒക്ടോബർ 22 മുതൽ നവംബർ 30 വരെ തീയതികളിൽ ഇന്റർവ്യൂ നടത്തി. ജിയോഗ്രഫി, സോഷ്യോളജി എന്നീ വിഷയങ്ങൾക്കും ഫിസിക്സിന് ഭാഗികമായും അദ്ധ്യാപക നിയമനം നടത്തിയിട്ടുണ്ട്. മറ്റുള്ള വിഷയങ്ങൾക്കുള്ള നിയമന ഉത്തരവുകൾ തയ്യാറായിവരുന്നു.

(സി) ഉണ്ട്.

(ഡി) 1. ഇംഗ്ലീഷ്
2. ഹിന്ദി
3. ഇക്കണോമിക്സ്
4. ഫിസിക്സ് (ഭാഗികം)
5. പൊളിറ്റിക്കൽ സയൻസ്
6. കെമിസ്ട്രി
7. ബോട്ടണി
8. സുവോളജി
9. കോമേഴ്സ്
10. കമ്പ്യൂട്ടർ സയൻസ്

(ഇ) നടപടി സ്വീകരിക്കുന്നതാണ്.

55 (1269) ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനത്തിന് യോഗ്യതാ നിർണ്ണയ പരീക്ഷ

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി അദ്ധ്യാപകനിയമനത്തിനുവേണ്ടി നടത്തുന്ന യോഗ്യതാ നിർണ്ണയ പരീക്ഷയിൽ ബി.എഡ്. ബിരുദമുള്ള മാസ്റ്റേഴ്സ് ഡിഗ്രി അവസാനവർഷ വിദ്യാർത്ഥികളെ പങ്കെടുക്കാൻ അനുവദിച്ചിട്ടുണ്ടെന്നും എന്നാൽ മാസ്റ്റേഴ്സ് ഡിഗ്രിയുള്ള ബി.എഡ്. വിദ്യാർത്ഥികളെ പങ്കെടുക്കാൻ അനുവദിച്ചിട്ടില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മാസ്റ്റേഴ്സ് ഡിഗ്രിയുള്ള ബി.എഡ്. വിദ്യാർത്ഥികളെ കൂടി 26.2.2000-ൽ നടക്കുന്ന യോഗ്യതാ നിർണ്ണയ പരീക്ഷയിൽ പങ്കെടുപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly